**വളരെ അടിയന്തിരം.**

## വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ: SPIU3/13873/11

തൈക്കാട്, തിരുവനന്തപുരം-14
തീയതി: 18/06/2011.

*സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ*

*എല്ലാ പ്രിൻസിപ്പാൾ,*
*ഐ.ടി.ഐ./*

*സർ,*

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- എസ്.പി.ഐ.യൂ- പുതിയ സർക്കാരിന്റെ നൂറു ദിന പരിപാടി അടിയന്തിരമായി നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഡയറക്ടറുടെ ഐ2/14074/11 നമ്പരിലെ 26.05.2011 തീയതി കത്ത്.

പുതിയ സർക്കാരിന്റെ നൂറുദിന പരിപാടിയോടനുബന്ധിച്ച് ഈ വകുപ്പിൽ സ്വന്തമായി ഭൂമിയുള്ള എല്ലാ ഐടിഐയിലും 'ഗ്രീൻകാമ്പസ് ' പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതു പ്രകാരം ഐടിഐകളിൽ നടപ്പിലാക്കേണ്ട *പദ്ധതികൾ സംബന്ധിച്ച വിവരം ഉൾച്ചേർക്കുന്നു. ഇതിന്റെ നടത്തിപ്പാനായി* ഐടിഐ യിൽ ഒരു നോഡൽ ഓഫീസറെ നിയോഗിക്കേണ്ടതാണ്. കൂടാതെ ലോകബാങ്ക് പദ്ധതി പ്രകാരം പണി പൂർത്തിയാക്കിയ ഐടിഐ കെട്ടിടങ്ങളുടെ ഉത്ഘാടനവും, മലമ്പുഴ ഐ.ടിഐയിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ഇൻസ്ട്രക്ടർ ട്രെയിനിംഗ് വിംഗിന്റെ ശിലാസ്ഥാപനവും പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഐ.ടി.ഐ കെട്ടിടങ്ങളുടെ ഉത്ഘാടനവും തറക്കല്ലിടലും സംബന്ധിച്ച പരിപാടി നടത്തിപ്പിന് ആര്യനാട്/കൊയിലാണ്ടി/കല്പറ്റ/മലമ്പുഴ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ വേണ്ട

തയ്യാറെടുപ്പുകൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും വിവരം ഈ ഓഫീസിൽ ഉടൻ അറിയിക്കേണ്ടതുമാണ്.

എല്ലാ ഐടിഐ പ്രിൻസിപ്പാൾമാരും അതാത് ഐടിഐകളിൽ നടപ്പിലാക്കുന്ന 'ഗ്രീൻകാമ്പസ്' 2011- സംബന്ധിച്ച പ്രവർത്തന റിപ്പോർട്ട് അതാത് ആഴ്ചകളിൽ (വെള്ളിയാഴ്ച) ഈ ഓഫീസിലേക്ക് ഇ-മെയിൽ വഴി അയച്ചു തരേണ്ടതാണ്. ഇ മെയിൽ അഡ്രസ് ചുവടെ ചേർക്കുന്നു. പുതിയ *സർക്കാരിന്റെ നൂറുദിന പരിപാടിയിലെ 'ഗ്രീൻകാമ്പസ്' പദ്ധതി എസ്.പി.ഐ.യു* വഴി നടപ്പാക്കേണ്ടതിനാൽ ആയത് കൃത്യസമയത്ത് നിർദ്ദിഷ്ട മാതൃകാഫോറത്തിൽ തയ്യാറാക്കി വർക്കിന്റെ പുരോഗതി തെളിയിക്കത്തക്കവിധം ഫോട്ടോ സഹിതം എസ്.പി.ഐ.യുവിൽ ലഭ്യമാക്കേണ്ടതാണ്. ടി പദ്ധതിയുടെ പൂർണ്ണ ഉത്തരവാദിത്വം പ്രിൻസിപ്പാൾ എന്ന നിലയിൽ താങ്കളിൽ നിക്ഷിപ്തമാണ് എന്ന വിവരം അറിയിക്കുന്നു.

100 ദിന പരിപാടിയുടെ അവലോകനം എല്ലാ തിങ്കളാഴ്ചയും രാവിലെ 10 മണിക്ക് ബഹു. വകുപ്പ് മന്ത്രിയുടേയും വകുപ്പ് സെക്രട്ടറിയുടെയും നേതൃത്വത്തിൽ നടക്കുന്നതിനാൽ റിപ്പോർട്ടുകൾ നിശ്ചിത സമയത്ത് തന്നെ ലഭിയ്ക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചുകൊള്ളുന്നു.

താങ്കളുടെ വിശ്വസ്തൻ,

പ്രോജക്ട് ഡയറക്ടർ

**Email address :- spiudtkerala@gmail.com**

പകർപ്പ്:- എല്ലാ മേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും (നടപടി സമയബന്ധിതമായി നടപ്പാക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും എസ്.പി.ഐ.യുവിൽ അതാത് ആഴ്ചയിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്)

# ഗ്രീൻ കാമ്പസ് 2011

**ലക്ഷ്യം:**

1. സ്വന്തമായി ഭൂമിയും കെട്ടിടവുമുള്ള എല്ലാ ഐ.ടി.ഐ കളിലും പരിസ്ഥിതി പ്രവർത്തനത്തിന് താൽപര്യമുള്ള ട്രെയിനികളും സ്റ്റാഫും ചേർന്ന് 'ഗ്രീൻ ക്ളബ്/എക്കോക്ളബ് ' രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുക.
2. പൂന്തോട്ടം, ഔഷധച്ചെടിത്തോട്ടം എന്നിവ ട്രെയിനികളുടെ സഹായത്തോടെ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക.
3. ക്യാമ്പസിൽ സൈറ്റ് പ്ളാനും സൈൻ ബോർഡുകളും സ്ഥാപിക്കുക.
4. ജൈവ മാലിന്യവും ഖര മാലിന്യവും ശേഖരിക്കാൻ പ്രത്യേകം 'ഡസ്റ്റ് ബിൻ' സ്ഥാപിക്കുക.
5. ക്യാമ്പസുകൾ പ്ളാസ്റ്റിക് വിമുക്തമായി പ്രഖ്യാപിക്കുക.
6. ഊർജ്ജ സംരക്ഷണത്തിന് ഉപയുക്തമാകുന്ന വൈദ്യുതോപകരണങ്ങൾ സ്ഥാപിക്കുക (ഉദാ:- സി.എഫ്.എൽ, സൗരോർജ്ജ വിളക്കുകൾ, ട്യൂബ് ലൈറ്റുകൾ തുടങ്ങിയവ)
7. സംസ്ഥാന ബയോ ഡൈവേഴ്സിറ്റി ബോർഡ് നൽകുന്ന സാമ്പത്തിക സഹായം കൂടെ പ്രയോജനപ്പെടുത്തി നാടൻ മരങ്ങൾ വെച്ച് പിടിപ്പിച്ച് സംരക്ഷിക്കുക.
8. ക്ളാസ്സ് റൂമുകളിലും വർക്ഷോപ്പുകളിലും എല്ലാ വൈദ്യുത ലൈറ്റുകളും ഫാനുകളും പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.
9. കാമ്പസും വർക്ഷോപ്പുകളും പതിവായി ശുചീകരിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക
10. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുക (സ്റ്റാഫിനും ട്രെയിനിസിനും).
11. കുടിവെള്ള വിതരണത്തിനായി ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുക.